## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3231 13/03/2017-ൽ മറുപടിയ്ക്ക്
## സമ്പൂർണ്ണ പാർപ്പിട സുരക്ഷാമിഷൻ-ലൈഫ്

| | ചോദ്യം<br>ശ്രീ.കെ. ബാബു | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>( തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| | സമ്പൂർണ്ണ പാർപ്പിട സുരക്ഷാമിഷൻ-ലൈഫിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; നിലവിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനതല മിഷൻ രൂപീകരിച്ച് C.E.O.യെ നിയമിക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പരിശോധന കുടുംബശ്രീ മുഖേന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 4 ഉദ്യോഗസ്ഥരെ മിഷൻ പ്രവർത്തനങ്ങൾക്കായി വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര പേർക്ക് പാർപ്പിടം നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കിയിട്ടില്ല. സർവ്വേ നടപടി പൂർത്തിയാക്കി. പഞ്ചായത്ത് തലത്തിൽ ഉദ്യോഗസ്ഥരുടെ മേൽപരിശോധന നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ എത്ര ഗുണഭോക്താക്കൾക്ക് പാർപ്പിടം നൽകാൻ കഴിയുമെന്ന് കണക്കാക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ